(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡബ്ല്യു.എച്ച്.ഒ.യുടെ സഹായം

4 (*652) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പടർന്നുപിടിച്ചിരിക്കുന്ന സാംക്രമിക രോഗങ്ങളെക്കുറിച്ച് പഠിച്ച് വിലയിരുത്താൻ ലോകാരോഗ്യ സംഘടനയുടെ സഹായം തേടാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഡബ്ല്യു. എച്ച് ഒ. യുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡബ്ല്യു.എച്ച്.ഒ.യുടെ സഹായം ലഭിക്കാൻ സാദ്ധ്യതയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ)

(എ) ഉദ്ദേശമുണ്ട്. സഹായം തേടിയിട്ടുണ്ട്.

(ബി) നേരിട്ട് ചർച്ചകൾ ഒന്നും നടന്നിട്ടില്ല.

(സി-ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡബ്ല്യു.എച്ച്.ഒ. യുടെ സാമ്പത്തിക സഹായം ലഭിക്കാൻ സാധ്യതയില്ല. എന്നാൽ സാങ്കേതികവും ഭൗതികവുമായ സഹായം ലഭിക്കുന്നുണ്ട്.

പുതിയ ഫാസ്റ്റ്ട്രാക് കോടതികൾ

5 (*653) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഫാസ്റ്റ്ട്രാക് കോടതികൾ തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം ;

(ബി) ഫാസ്റ്റ്ട്രാക് കോടതികൾ തുടങ്ങുന്നതിന് എന്ത് തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് ; എത്ര കോടതികൾ തുടങ്ങുന്നതിനുള്ള അനുമതിയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത് ;

(സി) കേന്ദ്രത്തിൽ നിന്ന് അനുമതി ലഭിച്ച എല്ലാ കോടതികളും ആരംഭിച്ചില്ലെങ്കിൽ കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക ആനുപാതികമായി തിരിച്ചടയ്ക്കേണ്ടി വരും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly